ഇടുക്കി ജില്ലയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

102 (2380) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വിവിധ ആശുപത്രികളിലായി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഒഴിവുകൾ സംബന്ധിച്ച വിശദാംശം ആശുപത്രികളുടെ പേര് തിരിച്ച് നൽകുമോ;

(ബി) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കൈകൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ വിവിധ ആശുപത്രികളിലായി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽ 26 ഒഴിവുകൾ നിലവിലുണ്ട്. ആശുപത്രികളുടെ പേര് തിരിച്ചുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1	സി.എച്ച്.സി., മറയൂർ	2
2	സി.എച്ച്.സി., പുറപ്പുഴ	1
3	പി.എച്ച്.സി. കൊക്കയാർ	1
4	പി.എച്ച്.സി., കുമളി	1
5	ജില്ലാ ആശുപത്രി, ഇടുക്കി	3
6	പി.എച്ച്.സി., ചിന്നക്കനാൽ	1
7	പി.എച്ച്.സി., കോടികുളം	2
8	പി.എച്ച്.സി., കെ.പി. കോളനി	1
9	താലൂക്ക് ആശുപത്രി, കട്ടപ്പന	4 (പുതുതായി അനുവദിച്ച 3 തസ്തിക ഉൾപ്പെടെ)
10	പി.എച്ച്.സി., രാജകുമാരി	1
11	പി.എച്ച്.സി., ഇടപെട്ടി	1
12	താലൂക്ക് ആശുപത്രി, അടിമാലി	1
13	പി.എച്ച്.സി., ബൈസൺവാലി	1

LIBRARY ARCHIVES Kerala Legislative Assembly

14	പി.എച്ച്.സി., അറകുളം	1
15	പി.എച്ച്.സി., തൊടുപുഴ	4 (പുതുതായി അനുവദിച്ച 3 തസ്തിക ഉൾപ്പെടെ)
16	ജില്ലാ ആശുപത്രി, ആലക്കോട്	1
	ആകെ	26

(ബി) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-ന്റെ 50% ഒഴിവുകൾ വിവിധ വകുപ്പുകളിലെ പാർട്ട്ടൈം സ്വീപ്പറുടെ കോമൺ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ജില്ലാ കളക്ടർ നൽകുന്ന ക്രമത്തിലാണ് നിയമനം നടത്തുന്നത്. അതിനായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർമാരിൽ നിന്നും പ്രൊമോഷന് സന്നദ്ധരായിട്ടുള്ളവരിൽ നിന്നും പ്രൊമോഷൻ നടത്തി ബാക്കി 50% ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006

103 (2381) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം -2006 പ്രകാരവും, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ പ്രകാരവും സംസ്ഥാനത്ത് (ജില്ല തിരിച്ച്) ലൈസൻസും രജിസ്ട്രേഷനും നല്കുന്ന അധികാര സ്ഥാനങ്ങൾ ആരെല്ലാമെന്നും ഓരോ വർഷവും എത്ര പേർ രജിസ്ട്രേഷൻ സ്വീകരിച്ചു എന്നും പ്രസ്തുത അധികാര സ്ഥാനത്തിന്റെ കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും വിഷലിപ്തമായ ഉല്പന്നങ്ങൾ വില്ക്കുന്നതും, ഹോട്ടൽ തുടങ്ങിയ മേഖലകളിലെ ഭക്ഷ്യ വിഷബാധ സംബന്ധിച്ചും റിപ്പോർട്ട ചെയ്യപ്പെട്ട കേസുകൾ എത്ര; ഭക്ഷ്യ വിഷബാധയേറ്റ് ഓരോ വർഷവും മരണപ്പെട്ടവർ എത്ര; ഇതിനു കാരണക്കാരായ വിപണനക്കാർ ആരെല്ലാം; എന്ത നടപടി നാളിതുവരെ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ;

(സി) 2015-16 വർഷം ഹോട്ടലുകളിൽ എത്ര റെയ്ഡുകൾ നടത്തി എന്നും കുറ്റക്കാരായി എത്ര പേരെ കണ്ടെത്തി എന്നും എത്ര തുക ഫൈൻ ആയി ലഭിച്ചു എന്നും മറ്റ് എന്ത് നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു എന്നും വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly